സെന്റ് ഫിലോമിനാസ്

ഹൈസ്കൂൾ

തിരുവാണിയൂർ

2025-26

# അക്കാദമിക മാസ്റ്റർപ്ലാൻ

# സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ

## തിരുവാണിയൂർ

സ്ഥാപിതം 1942

ഫോൺ : 0484-2730295

E-mail : stphsthiruvaniyoor@gmail.com

# അക്കാദമിക മാസ്റ്റർപ്ലാൻ



തിരുവാണിയൂർ

തയ്യാറാക്കിയത് :

എസ്.ആർ.ജി.

# ഉള്ളടക്കം


**ആമുഖം**

1. വിദ്യാലയത്തെക്കുറിച്ചുള്ള അടിസ്ഥാനവിവരങ്ങൾ
2. ലഘുചരിത്രം
3. ലക്ഷ്യങ്ങൾ

**അധ്യായം 1. സ്കൂളിന്റെ നിലവിലെ അവസ്ഥാവിശകലനം**

1.1 കുട്ടികളുടെ എണ്ണവും ഡിവിഷനും

1.2 ബോധനമീഡിയം അനുസരിച്ചുള്ള എണ്ണവും ഡിവിഷനുകളും

1.3 അധ്യാപക-അനധ്യാപകർ

1.4 ഭൗതികസൗകര്യങ്ങൾ

1.5 പരിമിതികൾ

**അധ്യായം 2. മികവിനായി തീരുമാനിച്ചിരിക്കുന്ന പദ്ധതികൾ/ പ്രവർത്തനങ്ങൾ**

2.1 അക്കാദമികം

2.2 ഭൗതികം

2.3 സാമൂഹികം

2.4 അക്കാദമിക നേട്ടങ്ങൾ

2.5 പരിമിതികൾ

**അധ്യായം 3 പദ്ധതി/പ്രവർത്തന വിശദാംശങ്ങൾ**

3.1 അക്കാദമിക മേഖല

3.2 ഭൗതിക മേഖല

3.3 സാമൂഹികമേഖല

**4. ഉപസംഹാരം**

# ആമുഖം

1. **അടിസ്ഥാനവിവരങ്ങൾ**

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ |
| | | തിരുവാണിയൂർ |
| വിലാസം | : | തിരുവാണിയൂർ പി.ഒ. |
| | | പുത്തൻകുരിശ് വഴി |
| | | എറണാകുളം - 682 308 |
| ഫോൺ | : | 9656871854 |
| E-mail | : | stphsthiruvaniyoor@gmail.com |
| ആരംഭിച്ച വർഷം | : | 1942 |
| മാനേജ്മെന്റ് | : | മലങ്കര സുറിയാനി കത്തോലിക്ക സഭ |
| | | മൂവാറ്റുപുഴ രൂപത |
| സ്കൂൾ കോഡ് | : | 25065 |
| റവന്യൂ ജില്ല | : | എറണാകുളം |
| വിദ്യാഭ്യാസ ജില്ല | : | കോലഞ്ചേരി |
| വിദ്യാഭ്യാസ ജില്ല | : | ആലുവ |
| ബി.ആർ.സി. | : | കോലഞ്ചേരി |
| സി.ആർ.സി. | : | വെണ്ണിക്കുളം |
| ഗ്രാമപഞ്ചായത്ത് | : | തിരുവാണിയൂർ |
| വാർഡ് | : | XI |
| ബ്ലോക്ക് പഞ്ചായത്ത് | : | വടവുകോട് |
| ജില്ലാ പഞ്ചായത്ത് | : | എറണാകുളം |
| നിയമസഭാ മണ്ഡലം | : | കുന്നത്തുനാട് |
| ലോകസഭാ മണ്ഡലം | : | ചാലക്കുടി |
| താലൂക്ക് | : | കണയന്നൂർ |
| വില്ലേജ് | : | തിരുവാണിയൂർ |

## 2. ലഘുചരിത്രം

തിരുവാണിയൂർ ഗ്രാമത്തിന്റെ ദീപസ്തംഭമായി പരിലസിക്കുന്ന തിരുവാണിയൂർ സെന്റ് ഫിലോമിനാസ് ഹൈസ്കൂൾ, തിരുവാണിയൂർസ്വദേശികളായ പാപ്പാലിൽ ശ്രീ. ടി.പി. വർഗീസിന്റെയും മറ്റ് ചില പൗരപ്രമാണിമാരുടേയും പരിശ്രമഫലമായി 1942 മെയ് 5-ാം തീയതി ഇംഗ്ലീഷ് മിഡിൽ സ്കൂളായി ആരംഭിച്ചു. 1945 ൽ മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ തിരുവല്ല രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത സഭയ്ക്കുവേണ്ടി ഈ സ്കൂൾ വാങ്ങി. തുടർന്ന്, സ്കൂൾ ത്വരിതഗതിയിൽ വളർന്നു. 1982 ജൂൺ 6-ാം തീയതി ഹൈസ്കൂളായി ഉയർത്തപ്പെടുകയും 8-ാം ക്ലാസ് ആരംഭിക്കുകയും ചെയ്തു.

1985 മാർച്ചിൽ ആദ്യ ബാച്ച് SSLC പരീക്ഷയെഴുതി 100 ശതമാനം വിജയം കരസ്ഥമാക്കി. തുടർന്ന്, വിജയപന്ഥാവിലൂടെ മുന്നേറിയ സ്കൂളിൽ 1994-95 അദ്ധ്യയനവർഷത്തിൽ 5, 8 ക്ലാസുകളിൽ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ആരംഭിച്ചു. 2003 ൽ തിരുവല്ല രൂപത വിഭജിച്ച് മൂവാറ്റുപുഴ രൂപത സ്ഥാപിതമായതോടെ സ്കൂൾ മൂവാറ്റുപുഴ രൂപത കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിലായി. പുതിയൊരു പ്രവർത്തന ശൈലിയുമായി പ്രയാണമാരംഭിച്ച സ്കൂൾ മികവിന്റെ പാതയിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നു.

നാടിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക വളർച്ചയ്ക്ക് അതുല്യമായ സംഭാവന നൽകുവാനും ദേശദേശാന്തരങ്ങളിൽ അറിയപ്പെടുന്ന നിരവധി പ്രഗല്ഭരെ സൃഷ്ടിക്കാനും സ്കൂളിന് കഴിഞ്ഞിട്ടുണ്ട്.

## 3. ലക്ഷ്യങ്ങൾ

1. സ്കൂളിൽ പ്രവേശനം നേടുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. ലോകത്തെവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലെയും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

3. കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ പശ്ചാത്തല സംവിധാനം ഉറപ്പാക്കുക.

4. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികപരവും കായികവുമായ കഴിവുകൾ വികസിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ശ്രദ്ധേയമാക്കുക.

5. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുക, സംരക്ഷിക്കുക.,

# അദ്ധ്യായം 1

## സ്കൂളിന്റെ നിലവിലെ അവസ്ഥാ വിശകലനം

### 1.1 കുട്ടികളുടെ എണ്ണവും ഡിവിഷനുകളും

| ക്ലാസ് | കുട്ടികളുടെ എണ്ണം | | ആകെ | ഡിവിഷൻ |
|---|---|---|---|---|
| | ആൺകുട്ടികൾ | പെൺകുട്ടികൾ | | |
| 5 | 18 | 14 | 32 | 2 |
| 6 | 19 | 21 | 40 | 2 |
| 7 | 14 | 11 | 25 | 1 |
| 8 | 20 | 10 | 30 | 1 |
| 9 | 14 | 12 | 26 | 1 |
| 10 | 12 | 15 | 27 | 1 |
| ആകെ | 97 | 83 | 180 | 8 |

### 1.2 ബോധന മീഡിയം അനുസരിച്ചുള്ള എണ്ണവും ഡിവിഷനുകളും

| ക്ലാസ് | ഇംഗ്ലീഷ് | മലയാളം | ആകെ | ഡിവിഷൻ |
|---|---|---|---|---|
| 5 | 31 | 1 | 32 | 2 |
| 6 | 38 | 2 | 40 | 2 |
| 7 | 23 | 2 | 25 | 1 |
| 8 | 27 | 3 | 30 | 1 |
| 9 | 24 | 2 | 26 | 1 |
| 10 | 19 | 8 | 27 | 1 |
| ആകെ | 162 | 18 | 180 | 8 |

### 1.3 അധ്യാപക-അനധ്യാപകർ

#### 1.3.1 അധ്യാപകർ

| തസ്തിക | എണ്ണം |
|---|---|
| ഹെഡ്മാസ്റ്റർ | 1 |
| എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് | 1 |
| എച്ച്.എസ്.എ. മാത്സ് | 1 |
| എച്ച്.എസ്.എ. സോഷ്യൽ സയൻസ് | 1 |
| എച്ച്.എസ്.എ. മലയാളം | 1 |
| എച്ച്.എസ്.എ. ഹിന്ദി | 1 |
| എച്ച്.എസ്.എ. സംസ്കൃതം | 1 |
| എച്ച്.എസ്.എ. ഇംഗ്ലീഷ് | 1 |
| യു.പി.എസ്. എ. | 4 |

### 1.3.2 ഓഫീസ് സ്റ്റാഫ്

| തസ്തിക | എണ്ണം |
| --- | --- |
| ക്ലാർക്ക് | 1 |
| പ്യൂൺ | 2 |
| മീനിയൽ | 1 |

## 1.4 ഭൗതീക സൗകര്യങ്ങൾ

### 1.4.1 കെട്ടിടങ്ങൾ, മുറികൾ

| കെട്ടിടങ്ങൾ, മുറികൾ | എണ്ണം |
| --- | --- |
| സ്കൂൾ കെട്ടിടങ്ങളുടെ എണ്ണം | 3 |
| ക്ലാസ്മുറികളുടെ ആകെ എണ്ണം | 12 |
| ഹെഡ്മാസ്റ്റർ ഓഫീസ് | 1 |
| സ്കൂൾ ഓഫീസ് | 1 |
| സ്റ്റാഫ് റൂം ഹൈസ്കൂൾ | 1 |
| സ്റ്റാഫ് റൂം യു.പി. | 1 |
| സയൻസ് ലാബ് | 1 |
| കമ്പ്യൂട്ടർ ലാബ് | 1 |
| ലൈബ്രറി | 1 |
| റീഡിംഗ് റൂം | 1 |
| ബുക്ക് സൊസൈറ്റി റൂം | 1 |
| സ്റ്റോർ റൂം | 1 |
| അരി സൂക്ഷിക്കുന്ന മുറി | 1 |
| അടുക്കള | 1 |
| ഹോൾ | 1 ക്ലാസ് മുറിയായിട്ടും ഉപയോഗിക്കുന്നു |
| ഓപ്പൺ സ്റ്റേജ് | 1 (മെയിൻഗ്രൗണ്ടിൽ) |

1.4.2 **കമ്പ്യൂട്ടർ ലാബ്** : കുട്ടികളുടെപഠനത്തിനും ഉപയോഗത്തിനുമായി കമ്പ്യൂട്ടർ ലാബിൽ 3 ഡെസ്ക്ടോപ്പുകളും 3 ലാപ്ടോപ്പുകളും ഉണ്ട്. കൂടാതെ, ഇന്റർനെറ്റ് സൗകര്യവും ലാബിൽ ലഭ്യമാണ്. ഓഫീസിലെ ഉപയോഗത്തിനായി ഒരു ഡെസ്ക്ടോപ്പ് പ്രിന്ററും ഉണ്ട്.

1.4.3 **സയൻസ് ലാബ്** : അത്യാവശ്യം ഉപകരണങ്ങളും കെമിക്കലുകളും മോഡലുകളും ലാബിൽ ലഭ്യമാണ്.

1.4.4 **ലൈബ്രറി** : 3000 പുസ്തകങ്ങളും ആനുകാലികങ്ങളുമുള്ള സാമാന്യം ഭേദപ്പെട്ട ലൈബ്രറി സ്കൂളിലുണ്ട്.

## 1.4.5 ഹൈടെക് ക്ലാസ്മുറികൾ, ഉപകരണങ്ങൾ

ഹൈസ്കൂൾ വിഭാഗത്തിലെ 3 ക്ലാസ്മുറികൾ ഹൈടെക് ക്ലാസ്മുറിയാക്കാൻ തക്കവിധം ടൈൽ വിരിച്ചും സീലിംഗ് ചെയ്തും മറ്റ് സംവിധാനങ്ങളൊരുക്കിയും തയ്യാറാക്കിയിട്ടുണ്ട്.

## 1.4.6 ടോയ്‌ലറ്റ്, മൂത്രപ്പുര സൗകര്യങ്ങൾ

| ടോയ്‌ലറ്റുകൾ | | |
|---|---|---|
| സ്റ്റാഫ് | ആൺകുട്ടികൾ | പെൺകുട്ടികൾ |
| 1 + 1 = 2 | 4 | 8 |

**മൂത്രപ്പുരകൾ : ആൺകുട്ടികൾ –1, പെൺകുട്ടികൾ – 1**
**ആൺകുട്ടികളുടെ മൂത്രപ്പുര ഒരേസമയം 10 പേർക്ക് ഉപയോഗിക്കാം**
**പെൺകുട്ടികളുടെ മൂത്രപ്പുര ഒരേസമയം 8 പേർക്ക് ഉപയോഗിക്കാം**

**1.4.7 കളിസ്ഥലം : വലിയ ഗ്രൗണ്ട് : 1, ചെറിയ ഗ്രൗണ്ട് : 1**

**1.4.8 കുടിവെള്ള കിണർ : 1**

**1.4.9 മോട്ടോർ & മോട്ടോർപുര : 1**

## 1.4.10 ജൂനിയർ റെഡ്ക്രോസ് സൊസൈറ്റി

സ്കൂളിൽ പ്രവർത്തിക്കുന്ന എൻ.സി.സി., ലിറ്റിൽ കൈറ്റ്സ്, ജൂനിയർ റെഡ്ക്രോസ് സൊസൈറ്റി വഴി വിദ്യാർത്ഥികൾ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഹൈസ്കൂൾ, യു.പി. സ്റ്റാഫ്റൂമുകൾ, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, മെയിൻഹോൾ, മെയിൻ ഹോളിന്റെ വരാന്ത, അസംബ്ലി കൂടുന്ന മുറ്റം ഇവ ടൈൽ വിരിച്ചതാണ്.

## 1.5 പരിമിതികൾ

- ഓട് മേഞ്ഞ പഴയ കെട്ടിടങ്ങൾക്ക് പകരം ആധുനിക രീതിയിലുള്ള പുതിയ കെട്ടിടങ്ങൾ നിർമ്മിക്കേണ്ടതുണ്ട്.
- ഹെഡ്മാസ്റ്ററുടെ ഓഫീസ്, സ്കൂൾ ഓഫീസ്, റീഡിംഗ് റൂം ഇവ ആധുനിക രീതിയിൽ നവീകരിക്കുകയും ഫർണീഷ് ചെയ്യുകയും വേണം.
- അവശേഷിക്കുന്ന ക്ലാസ്മുറികൾ കൂടി ടൈൽ ഇടുന്നത് നന്നായിരിക്കും.
- ആധുനികരീതിയിൽ സ്റ്റാഫ്റൂമുകൾ ഫർണീഷ് ചെയ്യേണ്ടത് ആവശ്യമാണ്.
- അടച്ചുറപ്പില്ലാത്ത ക്ലാസ്മുറികൾക്ക് ബലവത്തായ വാതിലുകളും ജനലുകളും അത്യാവശ്യമാണ്.
- നിലവിലുള്ള പാചകപ്പുരയ്ക്കുപകരം എത്രയും വേഗം നവീന രീതിയിലുള്ള പാചകപ്പുരയും സ്റ്റോർ മുറിയും ഭോജനശാലയും പണിയേണ്ടതുണ്ട്.
- കുട്ടികളുടെ നിലവിലുള്ള ശൗചാലയങ്ങൾ നവീശരിക്കുകയും സൗകര്യം വർദ്ധിപ്പിക്കുകയും വേണം.
- പഴക്കം ചെന്ന ബെഞ്ച്, ഡെസ്ക് ഇവ മാറ്റി പുതിയവ ക്രമീകരിച്ചാൽ നന്നായിരിക്കും.
- സ്കൂളിന് സ്വന്തമായി വാഹനമില്ലാത്തത് വലിയ പരിമിതിയാണ്. അതിനാൽ കുട്ടികളെ ആകർഷിക്കാൻ കഴിയുന്നില്ല.
- കളിസ്ഥലം വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്യേണ്ടത് മറ്റൊരു ആവശ്യമാണ്.
- പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടത് സ്കൂൾ ക്യാമ്പസിന്റെ മനോഹാരിതയ്ക്ക് അത്യാവശ്യമാണ്.

# അദ്ധ്യായം 2

## മികവിനായി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ / പദ്ധതികൾ

### 2.1 അക്കാദമികം

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠനപരിപോഷണം
- ഇംഗ്ലീഷ് ഫെസ്റ്റ്
- ആശയവിനിമയശേഷി വികസനം
- വായനാ പരിപോഷണം
- ലൈബ്രറി വികസനം
- പ്രതിഭാ പരിപോഷണ പരിപാടി
- ശില്പശാലകൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- ഐ.ടി. പഠനശാക്തീകരണം
- കലാ-കായിക പഠന ശാക്തീകരണം
- മന്ത്‌ലി ടേം മൂല്യനിർണ്ണയം എല്ലാ ക്ലാസുകളിലും
- ദിനാചരണങ്ങൾ ക്രിയാത്മകമാക്കൽ
- പോഷകാഹാര പരിപാടി

### 2.2 ഭൗതീകം

- ക്ലാസ്മുറികൾ
- വിശ്രമമുറി
- മൾട്ടി മീഡിയ മുറി
- പാചകപ്പുര
- ഭോജനശാല
- സ്റ്റോർമുറി
- സെമിനാർമുറി
- ക്ലാസ് ലൈബ്രറി
- കലാപഠനമുറി
- ഓഫീസ് നവീകരണം
- ടോയ്‌ലറ്റ്, മൂത്രപ്പുര നവീകരണം
- കളിസ്ഥല വികസനം
- മോട്ടോർപുര നവീകരണം

- മാലിന്യ സംസ്കരണ സംവിധാനം
- ക്യാമ്പസ് സൗന്ദര്യവത്ക്കരണം
- പച്ചക്കറിത്തോട്ട വികസനം
- വിഷരഹിത പച്ചക്കറി വീട്ടിലും സ്കൂളിലും

## 2.3 സാമൂഹികം

- പിടിഎ ശക്തിപ്പെടുത്തൽ
- പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ
- പൂർവ്വ അധ്യാപകർ, അഭ്യുദയകാംക്ഷികൾ, വിദ്യാഭ്യാസ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
- വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- പ്രാദേശിക പിടിഎ മീറ്റിംഗുകൾ
- വിദ്യാർത്ഥികളുടെ ഭവനസന്ദർശനം
- ജീവകാരുണ്യ പ്രവൃത്തികൾ
- പൊതുസ്ഥലങ്ങളുടെ ശുചീകരണം
- മെഡിക്കൽ ക്യാമ്പ്

## 2.4 അക്കാദമിക നേട്ടങ്ങൾ

2003 ൽ സ്കൂൾ മൂവാറ്റുപുഴ രൂപതാ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലായതു മുതൽ 2024 വരെയുള്ള 21 വർഷങ്ങൾ SSLC പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. പാഠ്യവിഷയങ്ങളിൽ മികവു പുലർത്തുന്നതോടൊപ്പം ഉപജില്ലാ, റവന്യൂജില്ലാ മത്സരങ്ങളിൽ കലാകായിക രംഗത്തും മികവു പുലർത്തുന്നു. സംസ്കൃതോത്സവത്തിൽ റണ്ണറപ്പ് സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു.

## 2.5 പരിമിതികൾ

കുട്ടികളുടെ എണ്ണക്കുറവ് മൂലം ചില വിഷയങ്ങൾക്ക് അധ്യാപകരില്ലാത്തതിന്റെ കുറവുണ്ട്. ആയതിനാൽ ചില അധ്യാപകർക്ക് കൂടുതൽ വിഷയങ്ങൾ പഠിപ്പിക്കേണ്ടി വരുന്നു.

# അദ്ധ്യായം 3
# പദ്ധതി വിശദാംശങ്ങൾ

## 3.1 അക്കാദമിക മേഖല

### പ്രവർത്തനം 1. ഇംഗ്ലീഷ് അസംബ്ലി

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ഓരോ ക്ലാസിലെയും കുട്ടികളും ക്ലാസ് ടീച്ചറും ചേർന്ന് ഇംഗ്ലീഷിൽ അസംബ്ലി നടത്തുക. ഓരോ ക്ലാസിനും ഇടവിട്ട് അവസരം നൽകുക. | ആഴ്ചയിൽ രണ്ടുദിവസം | ക്ലാസ് ടീച്ചർ/ ക്ലാസ് ലീഡർ | |

### പ്രവർത്തനം 2. ഇംഗ്ലീഷ് വായനാ പരിശീലനം

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉച്ചാരണ ശുദ്ധിയോടെ ഇംഗ്ലീഷ് വായിക്കുന്നതിനും സാരിക്കുന്നതിനുമുള്ള ശേഷി നേടുക. | ഇംഗ്ലീഷ് ലാംഗേജ് ലാബ് ക്രമീകരിക്കുക. ലാബിന്റെ സഹായത്തോടെ ശരിയായ ഉച്ചാരണം കേൾക്കുവാനും പഠിക്കുവാനുമുള്ള അവസരം നൽകുക./ വിദഗ്ദരുടെ സേവനം ലഭ്യമാക്കുക. കുട്ടികളെക്കൊണ്ട് ഉറക്കെ വായിപ്പിക്കുക. | തുടക്കത്തിൽ ആഴ്ചയിൽ എല്ലാ ദിവസവും പിന്നീട് 3 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | Rs. 5 lakh പൂർവ്വ വിദ്യാർത്ഥികൾ / മാനേജ്മെന്റ് |

പ്രവർത്തനം 3. ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| തെറ്റ് കൂടാതെ ഇംഗ്ലീഷിൽ എഴുതാനുള്ള ശേഷി വികസിപ്പിക്കുക. | ഓരോ ദിവസവും കുട്ടികൾക്ക് വീട്ടിലും സ്കൂളിലുമുണ്ടാകുന്ന അനുഭവങ്ങൾ ചുരുക്കി ഡയറിയിൽ എഴുതിപ്പിക്കുന്നു. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

പ്രവർത്തനം 4. ഇംഗ്ലീഷ് തീയറ്റർ

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സർഗ്ഗാത്മക പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ ചെയ്യുന്നതിനുള്ള ശേഷി വികസിപ്പിക്കുക. | പാഠപുസ്തകത്തിലെതും കുട്ടികൾ പാഠഭാഗത്തെ ആസ്പദമാക്കി തയ്യാറാക്കുന്നതുമായ സ്കിറ്റുകൾ, സംഭാഷണങ്ങൾ, ലഘുനാടകങ്ങൾ മുതലായവ സദസ്സിനുമുമ്പാകെ അവതരിപ്പിക്കുന്നു. കുട്ടികളുടെ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യുന്നു. | മാസത്തിലൊരു ദിവസം | എച്ച് എം/ഇംഗ്ലീഷ് അദ്ധ്യാപിക | Rs. 2000/- PTA |

പ്രവർത്തനം 5. ഇംഗ്ലീഷ് സർഗ്ഗാത്മക രചന

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത് വിശകലന |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിനും സർഗ്ഗാത്മക രചന നടത്തുന്നതിനുമുള്ള ശേഷി കൈവരിക്കൽ. | ഒരോ ആഴ്ചയിലെയും അവസാനത്തെ പ്രവൃത്തിദിനത്തിൽ ന്യൂസ് പേപ്പർ തയ്യാറിക്കിപ്രസിദ്ധീകരിക്കുക.മാസത്തിലൊരിക്കൽ സർഗ്ഗാത്മക രചനാ മൽസരം സംഘടിപ്പിക്കുക. സമ്മാനങ്ങൾ നൽകുക. | പ്രതിവാര/ പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചേഴ്സ്/ ഇംഗ്ലീഷ് അദ്ധ്യാപിക | Rs. 2000. PTA |

### പ്രവർത്തനം 6. പെൻ ഫ്രണ്ട്സ്

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി വിശകലന |
|---|---|---|---|---|
| ഇംഗ്ലീഷിൽ എഴുതാനുള്ള പ്രാവീണ്യം നേടൽ | സ്കൂളിലെ ഒരു മാസത്തെ പ്രവർത്തനങ്ങൾ/വിശേഷങ്ങൾ മറ്റൊരു സ്കൂളിലെ അതേ ക്ലാസിലെ കുട്ടിക്ക് കത്തെഴുതി അറിയിക്കുക. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ/ഇംഗ്ലീഷ് അദ്ധ്യാപിക | |

### പ്രവർത്തനം 7. ഗ്രാമർ ക്ലാസ്

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ ഗ്രാമർ പഠനത്തിന് വിദഗ്ദ്ധ അധ്യാപകരുടെ സേവനം ലഭ്യമാക്കി ഗ്രാമർ ക്ലാസ് സംഘടിപ്പിക്കുന്നു. | പ്രതിവർഷം 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക/ എച്ച്. എം | Rs. 5000/- പൂർവ്വ വിദ്യാർത്ഥിക |

### പ്രവർത്തനം 8. തർജ്ജമ ശില്പശാല

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത് വിശകലന |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണിനേടൽ | കുട്ടികളുടെ കഥകൾ, കവിതകൾ തുടങ്ങിയവ മലയാളത്തിൽനിന്നും ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്നതിന് ശില്പശാല നടത്തി പരിശീലനം നൽകുന്നു. വിവർത്തനം ചെയ്യിക്കുന്നു. | വർഷത്തിൽ രണ്ടു തവണ | ഇംഗ്ലീഷ് അദ്ധ്യാപിക | |

### പ്രവർത്തനം 9. സ്വന്തം നിഘണ്ടു

**ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പദസമ്പത്ത് വർദ്ധിപ്പിക്കുക | ഓരോ കുട്ടിയും ഓരോ ദിവസവും 5 വാക്കുകളും അവയുടെ അർത്ഥവും ബുക്കിലേക്കോ/ഡയറിയിലേക്കോ പകർത്തിയെഴുതി സ്വന്തം ഡിക്ഷനറി ഉണ്ടാക്കുന്നു. മികച്ച ഡിക്ഷനറിക്ക് വർഷാവസാനം സമ്മാനം നൽകുന്നു. | പ്രതിദിന പരിപാടി- അക്കാദമിക വർഷം മുഴുവൻ | ഇംഗ്ലീഷ് അദ്ധ്യാപിക/ ക്ലാസ് ടീച്ചർ | Rs. 3000/- സ്പോൺസർഷ |

പ്രവർത്തനം 10. ഒരു ദിവസം ഒരു വാക്ക്

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ ക്ലാസിലും എല്ലാദിവസവും കുട്ടികൾ മാറി മാറി ഒരു പുതിയ വാക്കും അവയുടെ അർത്ഥവും ക്ലാസ് ബോർഡിൽ രാവിലെ എഴുതിയിടുന്നു. എല്ലാവരും ആ വാക്കും അർത്ഥവും പ്രത്യേക ബുക്കിൽ പകർത്തിയെടുത്ത് പഠിക്കുന്നു. ഏറ്റവും നന്നായി സൂക്ഷിക്കുന്ന ബുക്കിനും കൂടുതൽ വാക്കുകൾ പഠിക്കുന്ന കുട്ടിക്കും സമ്മാനം നൽകുന്നു. | 8 മാസം | ഇംഗ്ലീഷ് അദ്ധ്യാപിക / ക്ലാസ് ലീഡർ | Rs. 2000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം 11. ഇംഗ്ലീഷ് ഫെസ്റ്റ്

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് സംസാരിക്കാനും ഇംഗ്ലീഷിൽ പ്രോഗ്രാമുകൾ അവതരിപ്പിക്കാനുമുള്ള ശേഷി വികസനം | വർഷാവസാനത്തിൽ രക്ഷാകർത്താക്കളും പൊതുജനങ്ങളുമടങ്ങുന്ന സദസിൽ കുട്ടികൾ വിവിധ പ്രോഗ്രാമുകൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | 2- 3 മണിക്കൂർ | ഇംഗ്ലീഷ് അദ്ധ്യാപിക/ ക്ലാസ് ടീച്ചേഴ്സ്/എച്ച്.എം/ PTA കമ്മിറ്റി | Rs. 10000/- പൂർവ്വ വിദ്യാർത്ഥികൾ/ രക്ഷകർത്താക്കൾ/ അഭ്യുദയകാംക്ഷികൾ |

പ്രവർത്തനം 12. ഇംഗ്ലീഷ് കൈയെഴുത്തുമാസിക

ഉപമേഖല : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മകരചന നടത്തുക. | കുട്ടികളുടെ വിവിധങ്ങളായ സർഗ്ഗാത്മക സൃഷ്ടികൾ ഉൾക്കൊള്ളുന്ന കൈയെഴുത്തുമാസിക പ്രസിദ്ധീകരിക്കുന്നു. | വർഷവസാനം | ഇംഗ്ലീഷ് ക്ലബ് | Rs. 3000/- രക്ഷിതാക്കൾ |

പ്രവർത്തനം . 13 ബ്ലോഗ് നിറയ്ക്കൽ യജ്ഞം

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം/എസ്. ഐ.റ്റി.സി. | |

പ്രവർത്തനം . 14 രചനാ ശില്പശാല

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മകരചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ | കഥയരങ്ങ്/കവിയരങ്ങ്/രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ, ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ. | ഒരു ടേമിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യവേദി , മലയാളം അദ്ധ്യാപിക | 2000/ സ്പോൺസർഷിപ്പ്. |

പ്രവർത്തനം .15 സർഗ്ഗസല്ലാപം

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യനൈപുണി വികസനം | എഴുത്തുകാരുമായി സംവദിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്. എം. & പി.ടി.എ | 3000/ സ്പോൺസർഷിപ്പ്. |

പ്രവർത്തനം . 16 നാടകക്കളരി

ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു സാഹിത്യരൂപത്തിലേക്ക് മാറ്റൽ. | ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ, കവിതകൾ എന്നിവയുടെ നാടകാവിഷ്കരണം നടത്തുക. | വർഷത്തിൽ ഒരു പ്രാവശ്യം | മലയാളം അദ്ധ്യാപിക, ആർട്ട്സ് ക്ലബ്. | Rs.1 000/- പി.ടി.എ |

**പ്രവർത്തനം. 17 കവികളെ അടുത്തറിയുക**

**ഉപമേഖല : മലയാളം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കവികളെയും അവരുടെ കവിതകളെയും അടുത്തറിയാൻ അവസരം | ഒരോ ക്ലാസിലെയും കുട്ടികൾക്ക് ഓരോ കവിയെ പഠനത്തിനായി നൽകുന്നു. ഓരോ കുട്ടിയും തനിക്ക് ലഭിച്ച കവിയുടെ ലഘു ജീവചരിത്രം തയ്യാറാക്കുന്നു. ഏറ്റവും ഇഷ്ടപ്പെട്ട കവിത പേപ്പറിൽ പകർത്തിയെഴുതുന്നു. എല്ലാം ചേർത്ത് പതിപ്പ് തയ്യാറാക്കുന്നു. അസംബ്ലിയിൽ പ്രകാശനം ചെയ്യുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി./ മലയാളം അദ്ധ്യാപിക | Rs. 3000/- രക്ഷിതാക്കൾ |

**പ്രവർത്തനം.18 ഗണിതലാബ് സജ്ജീകരിക്കൽ**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറി ഗണിത ലാബായി സജ്ജീകരിക്കുന്നു. ലാബിൽ വച്ച് വിവിധ സ്റ്റാൻഡേർഡുകാരുടെ ക്ലാസെടുക്കുന്നു. | ആവശ്യാനുസരണം | എച്ച്. എം./ എസ്. ആർ.ജി/ ഗണിത ക്ലബ് | |

**പ്രവർത്തനം. 19 ഗണിതപാർക്ക്**

**ഉപമേഖല : ഗണിതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനം മധുരതരമാക്കൽ | ജാമ്യതീയ രൂപങ്ങൾക്ക് പ്രധാന്യം നൽകി സ്കൂൾ കോമ്പൗണ്ടിൽ പാർക്ക് സജ്ജമാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ് | Rs. 1000/-. പി.ടി.എ |

പ്രവർത്തനം. 20 ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബ് കൂടുതൽ ഉപയോഗ്യമായ രീതിയിൽ സജ്ജമാക്കുക. | ശാസ്ത്രലാബിലെ ഉപകരണങ്ങൾ ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ സെക്ഷൻ തിരിച്ച് ക്രമീകരിക്കുക. ലാബിൽ വച്ച് ക്ലാസെടുക്കാൻ തക്കവിധം ഇരിപ്പിടങ്ങൾ സജ്ജമാക്കുക.<br>പുതിയ ഉപകരണങ്ങൾ വാങ്ങുക.<br>ലാബ് രജിസ്റ്റർ തയ്യാറാക്കുക | വർഷം മുഴുവൻ തുടരുന്നു | എച്ച്.എം./ എസ്. ആർ.ജി/ സയൻസ് അദ്ധ്യാപിക | സ്പോൺഷർഷിപ്പ് |

പ്രവർത്തനം. 21 ശാസ്ത്രപോഷണ പരിപാടി

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാഭിമുഖ്യം വളർത്തുക. ശാസ്ത്രസംബന്ധമായ അറിവ് വർദ്ധിപ്പിക്കുക. | ക്ലാസുകൾ, സെമിനാറുകൾ, സംവാദങ്ങൾ മുതലായവ സംഘടിപ്പിക്കുക. ശാസ്ത്ര പുസ്തക വായന പ്രോൽസാഹിപ്പിക്കുക. | ദ്വൈമാസ പരിപാടി | സയൻസ് അദ്ധ്യാപിക/ സയൻസ് ക്ലബ്/ എസ്.ആർ.ജി | സ്പോൺഷർഷിപ്പ് |

പ്രവർത്തനം. 22 പ്രതിഭാപോഷണ പരിപാടി

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രതിഭകളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകൽ | ശാസ്ത്ര പ്രതിഭകളെ തെരെഞ്ഞെടുത്ത് പ്രത്യേക ക്ലാസുകളും പരിശീലനവും നൽകുക. പ്രോജക്ടുകൾ ചെയ്യിക്കുക. | അവധി ദിവസങ്ങൾ | സയൻസ് അദ്ധ്യാപിക/ എസ്.ആർ.ജി | Rs. 3000/- പി.ടി.എ |

പ്രവർത്തനം. 23 ശാസ്ത്രയാത്രകൾ (FieldTrips)

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം എളുപ്പവും രസകരവുമാക്കൽ | കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ശാസ്ത്രകേന്ദ്രം, ശാസ്ത്ര പ്രദർശനങ്ങൾ, പക്ഷിസങ്കേതങ്ങൾ തുടങ്ങിയവ സന്ദർശിച്ച് നിരീക്ഷിച്ച് പഠിക്കുക. നോട്ടുകൾ തയ്യാറാക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് അദ്ധ്യാപിക/ എസ്. ആർ.ജി | പി.ടിഎ/ സ്പോൺസർഷിപ്പ് |

പ്രവർത്തനം. 24 ശാസ്ത്രമേളകൾ

ഉപമേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നേടിയ അറിവിന്റെ പ്രായോഗീകരണം | സ്കൂൾ തലത്തിൽ എല്ലാവിധമേളകളും സംഘടിപ്പിക്കുക. ഉപജില്ലമേളയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് അദ്ധ്യാപിക/ സയൻസ് ക്ലബ് | Rs. 3000/- പി.ടി.എ |

പ്രവർത്തനം. 25 ശാസ്ത്ര മാജിക്

ഉപമേഖല : സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യാഭിരുചി വളർത്തുക | കുട്ടികളെക്കൊണ്ട് ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കുക. അവയുടെ പ്രവർത്തനം ചിത്രസഹിതം ബുക്കിൽ രേഖപ്പെടുത്തുക. | മാസത്തിൽ ഒന്നു വീതം | സയൻസ് അദ്ധ്യാപിക | പി.ടി.എ. ഫണ്ട് |

പ്രവർത്തനം. 26 സാമൂഹ്യ ശാസ്ത്ര യാത്രകൾ

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പുസ്തകത്തിൽ നിന്നും പഠിക്കുന്ന കാര്യങ്ങളുടെ നേരനുഭവം നൽകുക. | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ സ്ഥലങ്ങളിലേക്ക് പഠനയാത്ര നടത്തുക, നോട്ട് തയ്യാറാക്കുക, | വർഷത്തിൽ 3 പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ്/ സോഷ്യൽ സയൻസ് അദ്ധ്യാപിക | Rs.6000/- രക്ഷിതാക്കൾ |

പ്രവർത്തനം. 27 സാമൂഹ്യ ശാസ്ത്ര കോർണർ

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അധിക വായനയ്ക്ക് അവസരമുണ്ടാക്കുക | അധിക വായനയ്ക്ക് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്രമീകരിച്ച് വായനാ കോർണർ ഒരുക്കുക | വർഷം മുഴുവൻ തുടരുന്നു | സാമൂഹ്യ ശാസ്ത്രക്ലബ് | സ്പോൺഷർഷിപ്പ് |

പ്രവർത്തനം. 28 അറിവ് വർദ്ധന പരിപാടി

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് അറിവ് നേടുക, നിലപാട് രൂപീകരിക്കുക. | ആനുകാലിക വിഷയങ്ങൾ തെരഞ്ഞെടുത്ത് ഡിബേറ്റുകൾ, സെമിനാറുകൾ, സംവാദങ്ങൾ, പാനൽ ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കുക. | മാസത്തിൽ ഒന്നു വീതം | സാമൂഹ്യ ശാസ്ത്ര ക്ലബ് | Rs.4000/- എസ്. എസ്.ജി. |

പ്രവർത്തനം. 29 മോക്ക് പാർലമെന്റ്

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യപ്രക്രിയ പരിചയപ്പെടുത്തൽ/ ജനാധിപത്യമൂല്യം വളർത്തൽ | പാർലമെന്റ് നടപടികൾ മനസിലാക്കിക്കൊടുക്കുന്നതിനും നിയമനിർമ്മാണ പ്രക്രിയ പരിചയപ്പെടുത്തുന്നതിനും മോക്ക് പാർലമെന്റ് സംഘടിപ്പിക്കുക. | വർഷത്തിൽ 2 പ്രാവശ്യം | എസ്.ആർ.ജി./ സാമൂഹ്യ ശാസ്ത്ര ക്ലബ് | |

പ്രവർത്തനം. 30 ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അറിവുകൾ പങ്കുവയ്ക്കുക | വിദ്യാലയത്തിലെ എല്ലാവർക്കും വായിക്കാൻ സൗകര്യപ്രദമായ സ്ഥലത്ത് വാർത്താബോർഡ് സ്ഥാപിക്കുക. വിദ്യാർത്ഥികൾ വായനയിലൂടെയും നിരീക്ഷണത്തിലൂടെയും നേടിയതും കണ്ടെത്തിയതുമായ അറിവുകളും പത്രങ്ങളിലെ പ്രധാനവാർത്തകളും ബോർഡിൽ പ്രദർശിപ്പിക്കുക | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ് | Rs.1000/- പി ടി എ |

പ്രവർത്തനം. 31 ചരിത്ര കലണ്ടർ

ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രാവബോധം വളർത്തിയെടുക്കൽ | 12 മാസത്തെയും തീയതികൾ ചാർട്ട് പേപ്പറിൽ എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ നിശ്ചിത തീയതിക്കു താഴെ ഒട്ടിക്കുക/ എഴുതുക | പ്രതിദിനം | എസ്.ആർ.ജി. | പി.ടി.എ ഫണ്ട് |

## പ്രവർത്തനം. 32 രാഷ്ട്ര ഭാഷാ ശേഷി വികസനം

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം എളുപ്പവും സുഗമവുമാക്കൽ | ഭാഷയിൽ പിന്നോക്കം നിൽക്കുന്നവർക്ക് അവധി ദിവസങ്ങളിൽ പ്രത്യേകം ക്ലാസ് നൽകുക. | അവധി ദിവസങ്ങൾ (6 മാസം) | എസ്. ആർ.ജി/ ഹിന്ദി അദ്ധ്യാപിക | |

## പ്രവർത്തനം. 33 ഹിന്ദി അസംബ്ലി

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷാശേഷി വികസനം | അസംബ്ലിയിലെ എല്ലാകാര്യങ്ങളും ഹിന്ദിയിൽ നടത്തുക | മാസത്തിൽ ഒന്ന് | ഹിന്ദി അദ്ധ്യാപിക/ ഹിന്ദി ക്ലബ് | |

## പ്രവർത്തനം. 33 സർഗ്ഗശേഷി വികസനം

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിൽ സാഹിത്യ ചോദയ്ക്കുള്ള ശേഷി വികസനം. | ഹിന്ദിയിൽ കവിതകൾ, കഥകൾ, കുറിപ്പുകൾ തുടങ്ങിയവ എഴുതുക. ഹിന്ദിയിൽ പതിപ്പുകൾ തയ്യാറാക്കുക. | വർഷം മുഴുവൻ | ഹിന്ദി ക്ലബ് | Rs.4000/- രക്ഷിതാക്കൾ |

## പ്രവർത്തനം. 35 ഹിന്ദി ഫെസ്റ്റ്

**ഉപമേഖല : ഹിന്ദി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷാശേഷി പോഷണം | രക്ഷിതാക്കളും വിദ്യാർത്ഥികളും മടങ്ങുന്ന സദസിൽ കുട്ടികളുടെ വിവിധ പരിപാടികൾ ഹിന്ദിയിൽ അവതരിപ്പിക്കുക | വർഷത്തിൽ ഒന്ന് | എസ്. ആർ.ജി./ ഹിന്ദി ക്ലബ് | |

പ്രവർത്തനം. 35 കലാമണ്ഡപം

ഉപമേഖല : കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ കലകൾ അഭ്യസിക്കാനും കലാവാസനകൾ പരിപോഷിപ്പിക്കാനും അവസരമൊരുക്കുക. | സ്കൂളിലെ ഒരു മുറി/ പുതിയ മുറി കലാമണ്ഡപം എന്ന പേരിൽ കലാപഠനത്തിനായി സജ്ജമാക്കുക. ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് വിവിധ മേഖലകളിൽ പ്രതിഭയുള്ളവരെ തെരഞ്ഞെടുത്ത് പരിശീലനം നൽകുക | അവധി ദിവസങ്ങൾ (വർഷം മുഴുവൻ) | എസ്. ആർ.ജി/ എസ്. എസ്.ജി/ ആർട്ട്സ് ക്ലബ് | Rs. 10000/- മാനേജ്മെന്റ്/ എസ്.ഡി.സി |

പ്രവർത്തനം. 37 ചിത്രരചനക്കളരി

ഉപമേഖല : കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് അഞ്ചുദിവസം നീണ്ടുനിൽക്കുന്ന ചിത്രരചനാ പരിശീലനം നൽകുക. | മദ്ധ്യവേനൽ അവധിക്കാലം | എസ്.ആർ.ജി/ ആർട്ട്സ് ക്ലബ് | Rs. 7500/- എസ്.ആർ.ജി |

പ്രവർത്തനം. 38 കായിക പരിശീലനം

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക/ കായിക പ്രതിഭകളെ വാർത്തെടുക്കുക | എല്ലാ പ്രവൃത്തിദിവസങ്ങളിലും പ്രഭാതഭക്ഷണം ക്രമീകരിച്ചുകൊണ്ട് തെരഞ്ഞെടുത്ത കുട്ടികൾക്ക് രാവിലെ പരിശീലനം നൽകുക | 8 മാസം | പി.ടി.എ./ എസ്.എസ്.ജി | Rs. 10000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം. 39 കായിക താരങ്ങൾക്ക് അവാർഡുകൾ/സമ്മാനങ്ങൾ

ഉപമേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കൽ/ ആദരിക്കൽ | സ്കൂൾ തലം മുതൽ കായിക മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ക്യാഷ് അവാർഡ്/മെമന്റോ/ സമ്മാനം നൽകുക | ഓരോ തലത്തിലെയും മത്സരത്തിനു ശേഷം | എച്ച്. എം/ പി.ടി.എ/ എസ്.എസ്.ജി | Rs.5000 /- സ്പോൺസർഷിപ്പ് |

പ്രവർത്തനം. 40 മെഡിക്കൽ ക്യാമ്പ്

ഉപമേഖല : ആരോഗ്യ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും വേണ്ടി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക | വർഷത്തിൽ ഒന്ന് | എച്ച്.എം./ പി.ടി.എ./ എസ്.എസ്.ജി | Rs.10000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം . 41 ഗ്രന്ഥശാലാ ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ സാഹിത്യശാഖകളിലെ പുസ്തകങ്ങൾ ഗ്രന്ഥശാലയിൽ ഉറപ്പാക്കുക. | വിദ്യാർത്ഥികൾ, അദ്ധ്യാപക രക്ഷിതാകൾ, അഭ്യുദയകാക്ഷികൾ എന്നിവരിൽ നിന്നും പുസ്തകങ്ങൾ ശേഖരിക്കുക.സ്പോൺസർഷിപ്പിലൂടെ പുതിയ പുസ്തകങ്ങൾ വങ്ങുക.പുസ്തക വിതരണം സിസ്റ്റമാറ്റിക് ആക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം./ ലൈബ്രേറിയൽ/ പി.ടി.എ | സ്പോൺസർഷിപ്പ് |

പ്രവർത്തനം. 42 ക്ലാസ് പി.ടി.എ സജീവമാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനവും പഠ്യേതര വിഷയങ്ങളിലെ കഴിവും ശേഷി വികസനവും മെച്ചപ്പെടുത്തൽ | കൃത്യമായ അജണ്ടയോടുകൂടി ക്ലാസ് പി.ടി.എ കൂടുക.<br>കുട്ടികളുടെ പഠ്യേതരവിഷയങ്ങളിലെ പുരോഗതി വിലയിരുത്തുക.<br>മികവുകൾ അവതരിപ്പിക്കുക. | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |

## പ്രവർത്തനം. 43 പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ വികസനം | കുട്ടികളുടെ ആരോഗ്യവികസനത്തിനും ബുദ്ധിവികസനത്തിനും അനുയോജ്യമായ ഭക്ഷണപദാർത്ഥങ്ങൾ നൽകുക | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | എച്ച്.എം./ പി.ടി.എ/ ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ | സ്പോൺസർഷിപ്പ് |

## പ്രവർത്തനം. 44 പച്ചക്കറിത്തോട്ടം സ്കൂളിലും വീട്ടിലും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കാർഷിക സംസ്കാരം വളർത്തൽ/ വിഷരഹിത പച്ചക്കറി ലഭ്യമാക്കൽ | വീട്ടിലെ സൗകര്യമനുസരിച്ച് ഓരോ വിദ്യാർത്ഥിയും വീട്ടിൽ പച്ചക്കറിത്തോട്ടമുണ്ടാക്കുക. ഓരോ ക്ലാസിന്റെയും പച്ചക്കറിത്തോട്ടം വിവിധയിനങ്ങൾ കൃഷി ചെയ്യുന്ന രീതിയിൽ സ്കൂളിൽ ഉണ്ടാക്കുക. | വർഷത്തിൽ ഒന്ന് | എച്ച്.എം/ ഉച്ചഭക്ഷണചാർജുള്ള അദ്ധ്യാപിക/ കാർഷിക ക്ലബ് | Rs. 5000/- കൃഷി വകുപ്പ്/ സ്പോൺസർഷിപ്പ് |

## പ്രവർത്തനം. 45 ജൈവ വൈവിധ്യപാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരം ഒരുക്കുക | സ്കൂൾ വളപ്പിൽ ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കുക | ഒരു പ്രാവശ്യം | എസ്. ആർ.ജി./ എച്ച്.എം | Rs. 25000/-. എസ്.എസ്.എ |

## പ്രവർത്തനം. 46 ജന്മദിനത്തിലൊരു പുസ്തകം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലൈബ്രറി വികസനം | സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും ജന്മദിനത്തിൽ സ്കൂൾ ഗ്രന്ഥശാലയിലേക്ക് ഒരു പുസ്തകം സംഭാവന ചെയ്യുക | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ/ ക്ലാസ് ലീഡർ/ ലൈബ്രേറിയൻ | |

പ്രവർത്തനം. 47 നിശാപഠനം - എസ്.എസ്.എൽ.സി.തീവ്രപരിശീലന പരിപാടി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിൽ പഠന സൗകര്യം നൽകൽ, പൊതുപരീക്ഷയിൽ 100% വിജയം | വീട്ടിൽ നല്ല പഠനാന്തരീക്ഷമില്ലാത്ത കുട്ടികൾക്ക് സ്കൂളിൽ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പഠന സൗകര്യമൊരുക്കുക. ക്ലാസ് നൽകുക. പി.ടി.എ യുടെ നേതൃത്വത്തിൽ അവർക്ക് ഭക്ഷണം. | കുറഞ്ഞത് ഒരു മാസം | എച്ച്.എം./ എസ്.ആർ.ജി/ പി.ടി.എ | 7000/ സ്പോൺസർഷിപ്പ് |

പ്രവർത്തനം.48 ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | വർഷാരംഭത്തിലെ എസ്.ആർ.ജി.യിൽ അക്കാദമിക വർഷത്തിൽ ആചരിക്കേണ്ട ലിസ്റ്റ് തയ്യാറാക്കി നിശ്ചിത ദിവസങ്ങളിൽ ആചരിക്കുന്നു. | | എസ്.ആർ.ജി | |

പ്രവർത്തനം. 49 പ്രോജക്ട്

വിഷയം : ഫാസ്റ്റ്-ഫുഡ് ഫാസ്റ്റ് ഡെത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെ ക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കൽ/ നിഗമനങ്ങൾ രൂപപ്പെടുത്തൽ | വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തുന്നു. ഓരോന്നിലും ചേർക്കുന്ന വിഷവസ്തുക്കൾ ഏവയെന്ന് മനസ്സിലാക്കുന്നു. ദോഷഫലങ്ങൾ തിരിച്ചറിയുന്നു. ഇവയെല്ലാം ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ ഒന്ന് | എസ്. ആർ.ജി | |

## 3. 2. ഭൗതിക മേഖല

### പ്രവർത്തനം. 1 ചുറ്റുമതിൽ നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ക്യാമ്പസ് സുരക്ഷിതമാക്കുക. | ചുറ്റുമതിൽ ഇല്ലാത്തയിടങ്ങളിൽ മതിൽ നിർമ്മിക്കുക. മുൻവശത്തെ മതിൽ ആകർഷകമാക്കുക. | ഒരു വർഷം | എച്ച്.എം./ എസ്.ഡി.സി | Rs.5 ലക്ഷം മാനേജ്മെന്റ്./ സ്പോൺസർഷിപ്പ് |

### പ്രവർത്തനം. 2 പുതിയ കെട്ടിടം നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അക്കാദമിക് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കുക. | അദ്ധ്യായം രണ്ടിൽ 'ഭൗതികം' എന്ന തലക്കെട്ടിനു താഴെ സൂചിപ്പിച്ചിരിക്കുന്ന മുറികൾ സജ്ജീകരിക്കുന്നതിന് 8 മുറികളുള്ള പുതിയ കെട്ടിടം നിർമ്മിക്കുക. | 3 വർഷം | മാനേജർ | Rs. 50 ലക്ഷം മാനേജ്മെന്റ് ഫണ്ട്. |

### പ്രവർത്തനം. 3 യു.പി. കംപ്യൂട്ടർലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കംപ്യൂട്ടർ പഠനം കാര്യക്ഷമമാക്കൽ | യു.പി. വിഭാഗത്തിനു വേണ്ടി പ്രത്യേക കംപ്യൂട്ടർ ലാബ് സജ്ജീകരിക്കുക. | രണ്ട് വർഷം | എച്ച്.എം./ എസ്.ആർ.ജി | Rs.5 ലക്ഷം. എം.പി.ഫണ്ട്./ എം.എൽ.എ ഫണ്ട്/സ്പോൺസർഷിപ്പ് |

### പ്രവർത്തനം. 4 യു.പി. വിഭാഗം സയൻസ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര വിഷയങ്ങളുടെ പഠനം കാര്യക്ഷമമാക്കൽ | യു.പി. വിഭാഗത്തിന് പ്രത്യേകം ലാബ് സജ്ജീകരിക്കുക. ലാബിൽ വച്ച് പരീക്ഷണങ്ങൾ കാണിക്കുന്നതിനും ക്ലാസെടുക്കുന്നതിനുമുള്ള ക്രമീകരണം ചെയ്യുക. | രണ്ട് വർഷം | എസ്.ആർ.ജി./ എസ്. ഡി.സി | Rs.2 ലക്ഷം. സ്പോൺസർഷിപ്പ് |

പ്രവർത്തനം. 5. പാചകപ്പുര, ഡൈനിംഗ്ഹാൾ, സ്റ്റോർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൃത്തിയുള്ളതും ആരോഗ്യപരവുമായ പാചകപ്പുരയും ഡൈനിംഗ് ഹാളും. കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ആഹാരം കഴിക്കാനും ഇന്ററാക്ഷൻ നടത്തുവാനുമുള്ള സൗകര്യം. | പാചകപ്പുരയും സ്റ്റോറും ഡൈനിംഗ് ഹാളുമടങ്ങുന്ന 'കിച്ചൺ കോംപ്ലക്സ്' നിർമ്മിക്കുക. | 2 വർഷം | മാനേജർ/ എസ്.ഡി.സി | Rs. 15 ലക്ഷം, മാനേജ്മെന്റ് ഫണ്ട്./എം.എൽ.എ ഫണ്ട്. |

പ്രവർത്തനം. 6 ശൗചാലയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൃത്തിയുള്ളതും ആരോഗ്യപരവുമായ ശൗചാലയം | യു.പി.വിഭാഗം കെട്ടിടത്തോടു ചേർന്ന് പുതിയ ശൗചാലയം നിർമ്മിക്കുക. | 2 വർഷം | മാനേജർ./ എസ്.ഡി. സി | Rs. 4 ലക്ഷം, പൂർവ്വവിദ്യാർത്ഥികൾ/ വ്യവസായ സ്ഥാപനങ്ങൾ |

പ്രവർത്തനം. 7 ടോയ്ലറ്റ് & മൂത്രപ്പുര നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വൃത്തിയുള്ളതും ആരോഗ്യപരവുമായ ടോയ്ലറ്റുകളും മൂത്രപ്പുരകളും | നിലവിലുള്ള ടോയ്ലറ്റുകളും മൂത്രപ്പുരകളും ആധുനിക രീതിയിൽ നവീകരിക്കുക. | ഒരു വർഷം | എച്ച്.എം./ പി.ടി.എ | Rs.2/- ലക്ഷം സ്പോൺസർഷിപ്പ് |

പ്രവർത്തനം. 8 ഓഫീസ് റൂം നവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിന്റെ നവീകരണം | ഹെഡ്മാസ്റ്ററുടെ ഓഫീസും സ്കൂൾ ഓഫീസും ടൈൽ ഇടുക, സീലിംഗ് ചെയ്യുക. ആധുനിക രീതിയിൽ ഫർണീഷ് ചെയ്യുക., കമ്പ്യൂട്ടറുകൾ വയ്ക്കുക. | ഒരു വർഷം | എച്ച്.എം./ മാനേജർ | Rs.2/- ലക്ഷം പൂർവ്വ വിദ്യാർത്ഥികൾ |

പ്രവർത്തനം. 9 കിണർ ശുചീകരണം & മോട്ടോർ പുരനവീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുദ്ധജലം ലഭ്യമാക്കൽ | കിണറിന്റെ വശങ്ങളിൽ കാട് വളരുന്നത് പൂർണ്ണമായും ഒഴിവാക്കുക. അടിവശം ചെളിനീക്കി ശുചീകരിക്കുക. കിണർ വല റിപ്പയർ ചെയ്യുക. മോട്ടോർപുരയുടെ മേൽക്കൂര കോൺക്രീറ്റ് ചെയ്യുക. | ഒരു വർഷം | മാനേജർ/ പി.ടി.എ | Rs. 50000/- മാനേജുമെന്റ് ഫണ്ട്./ അഭ്യുദയകാംക്ഷികളുടെ സംഭാവന |

പ്രവർത്തനം. 10 കളിസ്ഥലവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനത്തിന് മികച്ച സൗകര്യമൊരുക്കൽ | നിലവിലുള്ള ഗ്രൗണ്ടിന്റെ അരികിൽ ഓട നിർമ്മിച്ച് ഗ്രൗണ്ടിൽ വെള്ളം കെട്ടുന്നത് ഒഴിവാക്കുക. ബാറ്റ്മിന്റൻ, വോളിബോൾ കളികൾക്കുള്ള കോർട്ടുകൾ നിർമ്മിക്കുക. | രണ്ട് വർഷം | മാനേജർ/ പി.ടി.എ./ എസ്.ഡി.സി | Rs.5/- ലക്ഷം. മാനേജ്മെന്റ്/ എം.പി/ എം.എൽ. എ ഫണ്ട്. |

പ്രവർത്തനം. 11 ക്യാംപസ് സൗന്ദര്യവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ക്യാംപസ് ഹരിതാഭമാക്കൽ/ സൗന്ദര്യവൽക്കരിക്കൽ | ക്യാംപസിൽ മരങ്ങൾ നട്ടുവളർത്തുക. ഓരോ ക്ലാസിന്റെയും മേൽനോട്ടത്തിൽ പൂന്തോട്ടം നിർമ്മിക്കുക, പരിപാലിക്കുക | തുടരുന്ന പ്രവർത്തനം | എസ്. എസ്.ജി/ നെയ്ച്ചർ ക്ലബ് | Rs.20000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം. 12 മാലിന്യ സംസ്കരണ സംവിധാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനം സ്ഥാപിക്കുക. | ഒരു വർഷം | എസ്.എസ്.ജി./ എസ്.ഡി.സി | Rs.75000/- സ്പോൺസർഷിപ്പ് |

പ്രവർത്തനം. 13 ബയോഗ്യാസ് പ്ലാന്റ് റിപ്പയർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള സ്കൂൾ അന്തരീക്ഷം പാചകത്തിന് ഇന്ധനം ലഭ്യമാക്കി ചിലവ് കുറയ്ക്കൽ | നിലവിലെ ബയോഗ്യാസ് ഉദ്പാദന സംവിധാനത്തിന്റെ തകരാറ് പരിഹരിച്ച് ഉപയോഗ്യമാക്കുക. | ഒരു മാസം | പി.ടി.എ./ഉച്ചഭക്ഷണക്കമ്മിറ്റി | Rs. 5000/- പി.ടി.എ |

പ്രവർത്തനം. 14 നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം/സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതവും ആകർഷകവുമായ അടിസ്ഥാന സൗകര്യമൊരുക്കൽ | നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തുക, അടച്ചുറപ്പുള്ളതാക്കുക., സീലിംഗ് നടത്തുക. പഴകിയ ഫർണിച്ചറുകൾക്ക് പകരം പുതിയവ നിർമ്മിക്കുക | 3 വർഷം | മാനേജർ/ എസ്.ഡി.സി | Rs.10/- ലക്ഷം. മാനേജ്മെന്റ് ഫണ്ട്./ സ്പോൺസർഷിപ്പ് |

പ്രവർത്തനം. 15 സ്കൂൾ വാഹനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വാഹനസൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം നൽകുക. | കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് സ്വന്തമായി വാഹനം വാങ്ങുക. | ഒരു വർഷം | മാനേജർ/ എസ്.ഡി.സി | Rs.12/- ലക്ഷം എം.പി/ എം.എൽ.എ ഫണ്ട് |

പ്രവർത്തനം. 13 ബയോഗ്യാസ് പ്ലാന്റ് റിപ്പയർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള സ്കൂൾ അന്തരീക്ഷം പാചകത്തിന് ഇന്ധനം ലഭ്യമാക്കി ചിലവ് കുറയ്ക്കൽ | നിലവിലെ ബയോഗ്യാസ് ഉദ്പാദന സംവിധാനത്തിന്റെ തകരാറ് പരിഹരിച്ച് ഉപയോഗ്യമാക്കുക. | ഒരു മാസം | പി.ടി.എ./ഉച്ചഭക്ഷണക്കമ്മിറ്റി | Rs. 5000/- പി.ടി.എ |

പ്രവർത്തനം. 14 നിലവിലുള്ള കെട്ടിടങ്ങളുടെ നവീകരണം/സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുരക്ഷിതവും ആകർഷകവുമായ അടിസ്ഥാന സൗകര്യമൊരുക്കൽ | നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തുക, അടച്ചുറപ്പുള്ളതാക്കുക., സീലിംഗ് നടത്തുക. പഴകിയ ഫർണിച്ചറുകൾക്ക് പകരം പുതിയവ നിർമ്മിക്കുക | 3 വർഷം | മാനേജർ/ എസ്.ഡി.സി | Rs.10/- ലക്ഷം. മാനേജ്മെന്റ് ഫണ്ട്./ സ്പോൺസർഷിപ്പ് |

പ്രവർത്തനം. 15 സ്കൂൾ വാഹനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വാഹനസൗകര്യമില്ലാത്ത സ്ഥലങ്ങളിലേക്ക് വാഹന സൗകര്യം നൽകുക. | കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് സ്വന്തമായി വാഹനം വാങ്ങുക. | ഒരു വർഷം | മാനേജർ/ എസ്.ഡി.സി | Rs.12/- ലക്ഷം എം.പി/ എം.എൽ.എ ഫണ്ട് |

## 3.3. സാമൂഹ്യമേഖല

### പ്രവർത്തനം 1. പി.റ്റി.എ ശാക്തീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ വികസനത്തിന് സേവനം ലഭ്യമാക്കൽ | പി.ടി.എ കമ്മിറ്റികൾ നിശ്ചിത ഇടവേളകളിൽ കൂടി സ്കൂൾ പ്രവർത്തനം വിലയിരുത്തുന്നു. അംഗങ്ങൾക്ക് പ്രത്യേക ചുമതലകൾ നൽകുക. | മാസത്തി ലൊരു മീറ്റിംഗ് | എച്ച്.എം./ പി.റ്റി.എ പ്രസിഡന്റ് | |

### പ്രവർത്തനം. 2 കോർണർ പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രക്ഷിതാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുക. വിദ്യാലയത്തെ പൊതുസമൂഹവുമായ ബന്ധിപ്പിക്കുക. | മുഴുവൻ രക്ഷിതാക്കളെയും വിദ്യാഭ്യാസ പ്രവർത്തനത്തിൽ പങ്കുചേർക്കുന്നതിന് കുട്ടികൾ താമസിക്കുന്ന വിവിധ സ്ഥലങ്ങളിൽ വച്ച് രക്ഷിതാക്കളുടെ യോഗം നടത്തുക. ജനപ്രതിനിധികൾ, വിദ്യാഭ്യാസ - സാംസ്ക്കാരിക പ്രവർത്തകർ, പൂർവ്വ വിദ്യാർത്ഥികൾ തുടങ്ങിവരെക്കൂടി ടി യോഗത്തിൽ സംബന്ധിപ്പിക്കുക.<br>പഠന-പാഠ്യേതര പുരോഗതി വിലയിരുത്തുക.<br>നിർദ്ദേശങ്ങൾ സ്വീകരിക്കുക.<br>പിന്തുണ ഉറപ്പാക്കുക. | വർഷത്തിൽ 3 പ്രാവശ്യം | എച്ച്.എം/ ക്ലാസ് ടീച്ചേഴ്സ്/ പി.ടി.എ പ്രസിഡന്റ് | സ്പോൺസർഷിപ്പ് |

### പ്രവർത്തനം 3. പൂർവ്വാദ്ധ്യാപക സംഗമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൂർവ്വാദ്ധ്യാപകരുടെ സേവനം/ സാമൂഹിക പങ്കാളിത്തം | പൂർവ്വാദ്ധ്യാപകരുടെ സംഗമം നടത്തി അവരുടെ സേവനം അധിക പരിശീലനത്തിന് ഉപയോഗപ്പെടുത്തുക. | വർഷത്തിലൊരിക്കൽ | എച്ച്.എം./ സ്റ്റാഫ് കൗൺസിൽ | Rs. 5000/- സ്റ്റാഫ് ഫണ്ട് |

### പ്രവർത്തനം 4 പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം ഉറപ്പാക്കൽ | പരസ്പരം അറിയാവുന്ന ബാച്ചുകളെ ഒരുമിച്ച് വിളിച്ച് ചേർക്കുക. സ്കൂളിന്റെ വിവിധ ആവശ്യങ്ങൾ അവരെ ധരിപ്പിച്ച് സ്കൂൾ വികസനത്തിൽ പങ്കാളികളാക്കുക. | വർഷം പല സമയങ്ങളിലായിട്ട് | സ്റ്റാഫ് കൗൺസിൽ/ ഒ.എസ്.എ | Rs.10000/- ഒ.എസ്.എ |

### പ്രവർത്തനം. 5 പൂർവ്വ വിദ്യാർത്ഥി സംഘടന ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക പങ്കാളിത്തം വർദ്ധിപ്പിക്കുക | പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ കമ്മിറ്റി മീറ്റിംഗുകൾ നിശ്ചിത ഇടവേളകളിൽ വിളിച്ചുചേർക്കുക. സ്കൂൾ പ്രവർത്തനങ്ങളും ആവശ്യങ്ങളും അവരുമായി പങ്കുവയ്ക്കുക. സംഗമങ്ങൾ എല്ലാ വർഷവും നടത്തി കൂടുതൽ പേരെ സംഘടനത്തിൽ അംഗങ്ങളാക്കുക. | വർഷത്തിൽ 3 തവണ കമ്മിറ്റി മീറ്റിംഗ് ഒരു തവണ മഹാസംഗമം | ഒ.എസ്.എ എക്സിക്യൂട്ടീവ് കമ്മിറ്റി | Rs.1 ലക്ഷം. ഒ.എസ്.എ |

### പ്രവർത്തനം 6 രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം/ ക്ലാസുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രക്ഷിതാക്കളുടെ ഇ.സാക്ഷരത. വിദ്യാലയ സൗകര്യങ്ങൾ സമൂഹവുമായി പങ്ക്‌വയ്ക്കൽ | രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുക. ബോധവൽക്കരണ ക്ലാസുകൾ നടത്തുക. | അവധി ദിവസങ്ങളിൽ | എച്ച്.എം./ എസ്.ഐ.റ്റി.സി. /പി.ടി.എ പ്രസിഡന്റ് | |

### പ്രവർത്തനം 7 പി.റ്റി.എ./ എം.പി.റ്റി.എ സർഗോൽസവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അദ്ധ്യാപക - രക്ഷാകർതൃബന്ധം ശക്തമാക്കൽ | രക്ഷിതാക്കൾക്ക് വേണ്ടി കാലോൽസവം സംഘടിപ്പിക്കുക. വിജയികൾക്ക് സമ്മാനം നൽകുക. | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ എക്സിക്യൂട്ടീവ്/ സ്റ്റാഫ് | Rs. 10000/- പി.റ്റി.എ |

### പ്രവർത്തനം.8 വിദ്യാർത്ഥികളുടെ ഭവന സന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളും രക്ഷിതാക്കളും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകർ ചെറുസംഘങ്ങളായി വിദ്യാർത്ഥികളുടെ ഭവനങ്ങൾ സന്ദർശിച്ച് കുട്ടിയുടെ പഠനകാര്യങ്ങളും സ്വഭാവകാര്യങ്ങളും ചർച്ചചെയ്യുന്നു. | വർഷം മുഴുവൻ തുടരുന്നു. | എസ്.ആർ.ജി / ക്ലാസ് ടീച്ചേഴ്സ് | |

### പ്രവർത്തനം 9 പൊതുസ്ഥല ശുചീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹവുമായി ബന്ധപ്പെടൽ | പൊതുഅവധിദിവസങ്ങളിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ചേർന്ന് പൊതുസ്ഥലങ്ങൾ ശുചീകരിക്കുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | എച്ച്.എം./ എസ്.ആർ.ജി. എസ്.എസ്.ജി | Rs.3000/- സ്പോൺസർഷിപ്പ്/ പി.റ്റി.എ |

### പ്രവർത്തനം. 10 സ്കൂൾ ഡയറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂളിനെക്കുറിച്ച് സമഗ്ര അറിവ് സമൂഹവുമായി പങ്കുവയ്ക്കുക | സ്കൂളിനെക്കുറിച്ചുള്ള എല്ലാ അറിവും ലഭിക്കാൻ ഉതകുന്ന രീതിയിൽ സ്കൂൾ ഡയറി തയ്യാറാക്കി പ്രകാശനം നടത്തുക. | ഒരു മാസം | എസ്.ആർ.ജി | Rs.10000/- രക്ഷിതാക്കൾ |

പ്രവർത്തനം 11 ജീവകാരുണ്യ പ്രവൃത്തികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പാവങ്ങളുടെ സംരക്ഷണം സ്വന്തം ഉത്തരവാദിത്തമാണെന്ന് ബോധ്യപ്പെടുത്തൽ/ സാമൂഹ്യപ്രതിബദ്ധത | കുട്ടികൾക്ക് സമ്മാനമായി കിട്ടുന്ന തുകയും വിദ്യാർത്ഥികളും അദ്ധ്യാപകരും സമാഹരിക്കുന്ന തുകയും ഉപയോഗിച്ച് വിവിധ ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുക | വർഷം മുഴുവൻ നീണ്ടുനിൽക്കുന്നു. | എച്ച്.എം./ സീനിയർ അസിസ്റ്റന്റ്/ സ്റ്റാഫ് സെക്രട്ടറി | |

## ഉപസംഹാരം

വിദ്യാഭ്യാസ രംഗത്തെ സ്വകാര്യവത്ക്കരണം ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ച് കൊണ്ടിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ ഭ്രമം പൊതുവിദ്യാലയത്തിൽ കുട്ടികളുടെ എണ്ണം കുറയുവാൻ ഇടയാക്കുന്നു. എന്നാൽ, പൊതുവിദ്യാലയത്തിലേക്ക് കുട്ടികളെ ആകർഷിക്കുവാൻ തക്കവിധം അവിടുത്തെ ഭൗതിക സാഹചര്യങ്ങളും പശ്ചാത്തല സംവിധാനങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. എങ്കിൽ മാത്രമേ പൊതു വിദ്യാലയങ്ങൾക്ക് നിലനിൽപ്പുള്ളു. ആയതിന് ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.











